പത്രക്കുറിപ്പ്

# ആറ്റുകാൽ പൊങ്കാല

## കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം

## സമൂഹ പൊങ്കാല അനുവദിക്കില്ല

## യുവാക്കളെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒരാൾ പിടിയിൽ

### കോവിഡ്-19

### വിലക്ക് ലംഘനം: 50 പേർക്കെതിരെ നിയമനടപടി 14,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- കോവിഡ്-19 രോഗവ്യാപനവുമായി ബന്ധപ്പെട്ട സാഹചര്യം കണക്കിലെടുത്ത് ഈ വർഷത്തെ പൊങ്കാല ക്ഷേത്രത്തിലെ പണ്ടാര അടുപ്പിൽ മാത്രമായി തീരുമാനിച്ചിരിക്കുന്നതിനാൽ ഭക്തജനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് അവരവരുടെ വീട്ടിൽ തന്നെ പൊങ്കാല ഇടേണ്ടതാണെന്നും വീടുകളിലും മറ്റു സ്ഥലങ്ങളിലും യാതൊരു കാരണവശാലും സമൂഹപൊങ്കാല അനുവദിക്കുകയില്ലായെന്നും ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

വീടുകളിൽ പൊങ്കാല ഇടുന്നവർ പുറമെ നിന്നുള്ള ബന്ധുമിത്രാദികളെ വീട്ടിലേയ്ക്ക് ക്ഷണിച്ചു വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം പൊങ്കാല ഇട്ടശേഷം ഭക്തർ ക്ഷേത്രത്തിലേയ്ക്ക് കൂട്ടമായി എത്താതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. മുൻ കാലങ്ങളിലേതു പോലെ

പൊങ്കാല ഇട്ട ശേഷം ദർശനത്തിനു ഭക്തജന തിരക്ക് ഉണ്ടായാൽ, അത് രോഗ വ്യാപനം വർദ്ധിപ്പിക്കുമെന്നതിനാൽ ദർശനത്തിനെത്തുന്ന ഭക്തർ അതീവ ജാഗ്രത പാലിക്കേണ്ടതും തിരക്ക് ഒഴിവാക്കേണ്ടതുമാണ്. അതുപോലെ പത്ത് വയസിനു താഴെയുള്ള കുട്ടികളും ഏറെ പ്രായം ചെന്നവരും പരമാവധി ദർശനത്തിനെത്തുന്നത് ഒഴിവാക്കേണ്ടതുമാണ്. ക്ഷേത്രത്തിലേക്ക് വരുന്ന വാഹനങ്ങൾ റോഡിൽ പാർക്ക് ചെയ്യാൻ അനുവദിക്കുന്നതല്ല. പാർക്കിങ്ങിനായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ഏരിയായിൽ മാത്രമേ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളൂ.

ക്ഷേത്രത്തിലെ പണ്ടാര അടുപ്പിൽ പൊങ്കാല ഇടുന്നതിനോടനുബന്ധിച്ചുള്ള ചടങ്ങുകൾക്ക് ക്ഷേത്ര ട്രസ്റ്റിന്റെയും പോലീസിന്റെയും മുൻകൂർ അനുമതി ഉള്ളവരെ മാത്രമേ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളിലും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആൾക്കൂട്ടം ഒഴിവാക്കി പൊതുജനങ്ങൾ സുരക്ഷാ ക്രമീകരണങ്ങളോട് സഹകരിക്കണമെന്നും, രോഗവ്യാപനം ഉണ്ടാവുന്ന തരത്തിൽ സുരക്ഷാ നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

**യുവാക്കളെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒരാൾ പിടിയിൽ**

തിരുവനന്തപുരം:- മാരകായുധങ്ങൾ ഉപയോഗിച്ച് ആക്രമണം നടത്തി യുവാക്കളെ കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആറ്റുകാൽ പാടശ്ശേരി പണയിൽ വീട്ടിൽ ശരത് കുമാർ (25)-നെയാണ് കരമന പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 24-ാം തീയതി രാത്രി 11.00 മണിയ്ക്കാണ് കരമന കീഴാറന്നൂർ സ്വദേശിയായ അരുൺ ബാലുവിനേയും കൂട്ടുകാരായ മറ്റ് നാലുപേരേയും ശരത്കുമാറിന്റെ നേതൃത്വത്തിലുള്ള ആറംഗസംഘം ആക്രമിച്ചത്. ആറ്റുകാൽ പൊങ്കാല ഉത്സവത്തോടനുബന്ധിച്ച് ദീപാലങ്കാരം നടത്തി കൊണ്ടിരിക്കുകയായിരുന്നു യുവാക്കൾ. ഈ സമയം പ്രതികൾ കീഴാറന്നൂർ ട്രാൻസ്ഫോർമറിന് സമീപം പാർക്ക് ചെയ്തിരുന്ന ഒരു വാഹനത്തിന്റെ ചില്ല് അടിച്ച് തകർക്കുന്നത് കണ്ട യുവാക്കൾ അത് ചോദ്യം ചെയ്തിരുന്നു. അപ്പോൾ അവിടെ നിന്നും പോയ പ്രതികൾ, സംഘടിച്ച് തിരികെ വരികയും, കത്തിയും പൊട്ടിച്ച ബിയർ കുപ്പിയും ട്യൂബ് ലൈറ്റും ഉപയോഗിച്ച് യുവാക്കളെ ആക്രമിച്ച് കടന്നു കളയുകയുമായിരുന്നു. സംഭവത്തിൽ യുവാക്കൾക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തു. ആക്രമണ ശേഷം ഒളിവിൽ പോയ പ്രതികളിൽ ഒന്നാം പ്രതിയായ ശരതിനെ കരമന എസ്.എച്ച്.ഒ പ്രശാന്ത് കുമാർ, എസ്.ഐ-മാരായ പ്രതീഷ് കുമാർ, രാധാകൃഷ്ണൻ, സി.പി.ഒ-മാരായ പ്രിയൻ, സജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് ഇന്നലെ അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിലെ ഏഴ് കേസ്സുകൾ ഉൾപ്പെടെ നഗരത്തിലെ വിവിധ സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസ്സുകൾ നിലവിലുള്ളതും, ഗുണ്ടാ നിയമപ്രകാരം കരുതൽ



കരമന പോലീസ് അറസ്റ്റ് ചെയ്ത
ശരത്കുമാർ (25)

തടങ്കലിൽ കഴിഞ്ഞിട്ടുള്ള ആളുമാണ്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (26-02-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 50 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 20 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 28 പേരിൽ നിന്നും 14,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
26-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി